# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അലയമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM p1/178/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM p1/178/23 തീയ്യതി: 04/04/2023

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 19-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ (ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അരുൺ കുമാർ എ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ അനീഷ് വി എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.റജിന എ എസ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അസീനാ മനാഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഫ്രാൻസിസ് ക്രിസ്റ്റി | കൃഷി ഓഫീസർ | 01-04-2021 | 01-10-2021 |
| ശ്രീ.സുരേഷ്.ബി | കൃഷി ഓഫീസർ | 02-10-2021 | 31-03-2022 |
| ശ്രീമതി. മറിയാമ്മ ഡാനിയേൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പി.എസ് ഉഷാകുമാരി | അസി.എഞ്ചിനീയർ | 01-04-2021 | 06-10-2021 |
| ശ്രീ.അഭിലാഷ്. എസ്.എച്ച് | അസി.എഞ്ചിനീയർ | 07-10-2021 | 15-11-2021 |
| ശ്രീമതി.സൌമ്യ.റ്റി | അസി.എഞ്ചിനീയർ | 16-11-2021 | 31-03-2022 |
| ശ്രീമതി.റീന.എ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.മുജീബ്.എസ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ദീപ.എൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അനൂപ് നരേന്ദ്രൻനായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.റിയാസ്.എ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി അശ്വതി ആർ എസ് | വി.ഇ.ഒ | 01-04-2021 | 28-09-2021 |
| ശ്രീ ശ്രീനാഥ് ബി എസ് | വി.ഇ.ഒ | 29-09-2021 | 31-03-2022 |
| ശ്രീമതി സിന്ധു റ്റി | വി.ഇ.ഒ | 01-04-2021 | 21-04-2021 |
| ശ്രീമതി .നജ്മുന്നിസ | വി.ഇ.ഒ | 22-04-2021 | 16-09-2021 |
| ശ്രീമതി ജിഷ കെ | വി.ഇ.ഒ | 17-09-2021 | 31-03-2022 |
| ശ്രീമതി സീന എസ് | അസി.എഞ്ചീനിയർ ,എൻ ആർ ഇ ജി എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ലതിക എം | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 30-11-2021 |
| ശ്രീമതി സിന്ധു സി എസ് | ഹെഡ് മിസ്ട്രസ്സ് | 01-12-2021 | 31-03-2022 |
| ഡോ.ജോയി ഫ്രാൻസിസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികക്കണക്കുകളിലെ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കിയിട്ടില്ല | 1-11 |
| 13 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു | 1-12 |
| 14 | അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ചതിലെ അപാകത | 1-13 |
| 15 | പ്ലാൻ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച തുക സർക്കാർ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. | 1-14 |
| 16 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-15 |
| 17 | ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-16 |
| 18 | എം.സി.എഫിൽ ബെയിലിംഗ് മെഷീൻ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. | 1-17 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 1,93,929/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-18 |
| 20 | ഡി.എ.കുടിശ്ശിക വിതരണം - എൻ. പി. എസ്. പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല | 1-19 |
| 21 | MGNREGS 2021-22 വർഷം GST-TDS ഇനത്തിൽ കുറവ് ചെയ്തതും FTO ചെയ്യുതുമായ 36,763/-രൂപ അക്കൗണ്ടിൽ വന്നിട്ടില്ല. | 1-20 |
| 22 | പ്രവൃത്തിമൂല്യത്തെ മനുഷ്യദിനങ്ങളായി പരിവർത്തനം നടത്തിയതിൽ അപാകത – അളവിലില്ലാത്ത പ്രവൃത്തിക്ക് 4,816/- രൂപ അനുവദിച്ചത് നിരാകരിക്കുന്നു | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രവൃത്തിമൂല്യത്തെ മനുഷ്യദിനങ്ങളായി പരിവർത്തനം നടത്തിയതിൽ അപാകത – അളവിലില്ലാത്ത പ്രവൃത്തിക്ക് 4,816/- രൂപ അനുവദിച്ചത് നിരാകരിക്കുന്നു | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

22.02.21 തീയതിയിലെ I(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 07/03/22 തീയതിയിലെ III-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 21/07/2022 | - | - |

### 1-2.1 വാർഷികക്കണക്കുകളിലെ അപാകതകൾ

2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഇ -ഗ്രാം പോർട്ടൽ മുഖേന ചെലവഴിച്ച തുകകളുടെ അക്കൗണ്ടിംഗിലെ അപാകത

എ) ACR/സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷികകണക്ക് പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം.

PFMS മുഖേന സി.എഫ്.സി. ടൈഡ് & ബേസിക് ട്രാൻസ്ഫർ പ്രത്യേകം ശീർഷകങ്ങളിൽ വരവ് സ്വീകരിക്കുന്നതിനു പകരം ബേസിക് ഗ്രാന്റ് ശീർഷകത്തിൽ വരവു വച്ചു. മാത്രമല്ല, പലിശ ഇനത്തിൽ 60302/-രൂപ വരവ് ഉണ്ടെങ്കിലും 3887/-രൂപ മാത്രമാണ് വരവായിട്ട് ഉൾപ്പെടുത്തിയത്.

ബി) ധനകാര്യകമ്മീഷൻ ഗ്രാന്റ് – റിക്കവറി തുക പേയ്മെന്റ് ചെയ്യുന്നതിൽ 18816/- രൂപയുടെ വ്യത്യാസം

CFC- Basic Grant പ്രോജക്ടുകളിൽ നിന്നും ഇടാക്കിയ റിക്കവറി തുക (Web Sankhya Bill) = ₹68,224/-
CFC- Tied Grant പ്രോജക്ടുകളിൽ നിന്നും ഇടാക്കിയ റിക്കവറി തുക (Web Sankhya Bill) = ₹24,692/-
2021-22ൽ പേയ്മെന്റ് വൗച്ചർ ജനറേറ്റ് ചെയ്യതും ബാങ്ക് അക്കൗണ്ടിൽ നിന്നും NEFT ട്രാൻസ്ഫർ ചെയ്യപ്പെടാത്തതുമായ പ്രോജക്ട് നം 95, പ്രോജക്ട് നം 149 എന്നിവ നിന്നും ഇടാക്കിയ റിക്കവറി തുക (Web Sankhya Bill) = (-) ₹8296
റീക്കൺസിലിയേഷൻ പത്രികയിൽ പണമാക്കാത്ത റിക്കവറി തുക = (-) ₹11721/-
-----------------------------
ബാങ്ക് അക്കൗണ്ടിൽ കുറവ് ചെയ്യേണ്ട റിക്കവറി തുക = ₹72899/-
ബാങ്ക് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത റിക്കവറി തുക
(7664+33200+5350+4329+3540) = ₹54083
------------------------------------
വ്യത്യാസം = ₹18816/-
------------------------------------

സി) E-gram ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ പത്രികയിൽ അപാകത

HDFC ബാങ്ക് അക്കൗണ്ട് നം 5010038700470 ന്റെ ILGMS റീക്കൺസിലിയേഷൻ പത്രികയിലെ അപാകത ചുവടെ ചേർക്കുന്നു.

ILGMS ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് = ₹24,36,022/-
ILGMS റീക്കൺസിലിയേഷൻ പത്രികപ്രകാരമുള്ള = ₹26,68,372/-
ബാങ്ക് ബുക്ക് നീക്കിയിരുപ്പ്
--------------------
വ്യത്യാസം = ₹2,44,071/-

2. വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുന്നതിൽ അപാകത ചവടെ ചേർക്കുന്നു

എ) ICDS 320100196

വിവധ ബാധ്യത ഇനത്തിൽ ചെലവ് ചെയ്ത തുക ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയെങ്കിലും തതുല്യമായ ഈ ബാധ്യത ശീർഷകങ്ങളിൽ ഡെബിറ്റ് എൻട്രി നടത്തുന്നില്ല. തന്മൂലം ബധ്യത കുറവു ചെയ്യപ്പെടാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

ബി) ലൈഫ് സ്റ്റേറ്റ് ഷെയർ & എസ് സി അഡീഷണൽ വിഹിതം

ലൈഫ് സ്റ്റേറ്റ് ഷെയർ അക്കൗണ്ട് ശീർഷകം 320300199-ൽ 2020-21 സാമ്പത്തിക വർഷം 78,03,099/-രൂപയാണ് വരവ് ഉള്ളത്. എന്നാൽ യഥാർത്ഥ വരവ് 78,00,000/-രൂപയാണ്. ഈ അപാകത പരിഹരിച്ചിട്ടില്ല. പ്രസ്തുത തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് കറണ്ട് അക്കൗണ്ട് ആകയാൽ 2020-21 ൽ പലിശയിനത്തിൽ 3,099/-രൂപ ഉൾപ്പെടുത്തിയതിനാൽ 2021-22 വാർഷിക കണക്കിൽ മുന്നിരുപ്പിൽ 77,60,000/- രൂപയക്ക് പകരം 77,63,099/- രൂപ ഉൾപ്പെടുത്തി.

സി) ലൈഫ് ലോൺ

എ) 2021-22 സാമ്പത്തികവർഷം B-5 ഷെഡ്യൂളിലെ അക്കൗണ്ട് ശീർഷകം 330500202 Secured Loans-loan From HUDCO -ൽ 22500/-രൂപ ബാധ്യത അവശേഷിക്കുന്നു. എന്നാൽ പ്രസ്തുത തുക 27/3/2012 ലെ വൗച്ചർ നമ്പർ 11103101497 പ്രകാരം ലക്ഷംവീട് ഭവനപദ്ധതിയിൽ ശ്രീ. ദേവദാസ് എന്ന ഗുണഭോക്താവ് തിരിച്ചടച്ച തുകയാണ്. നിലവിൽ അപ്രകാരം ഒരു ലോൺ ബാധ്യത ഇല്ലാത്തതിനാൽ പ്രസ്തുത തുക ബാധ്യത ശീർഷകം, Prepaid Program Expense എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

ബി) അക്കൗണ്ട് ശീർഷകം 330500201 Secured Loans, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 2021-22 സാമ്പത്തിക വർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുക 3,55,32,013/-രൂപയാണ്. എന്നാൽ വായ്പ തിരിച്ചടവ് രജിസ്റ്റർ പ്രകാരം 3,55,02,680/- രൂപയാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്.

സി) അക്കൗണ്ട് ശീർഷകം 330500201 Secured Loans, 440500101 Prepaid Program Expense എന്നിവ പ്രകാരം വായ്പ ഇനത്തിൽ ലഭിച്ച തുകയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നത് (–) 4646908/- രൂപയാണ്. എന്നാൽ വായ്പ തിരിച്ചടവ് രജിസ്റ്റർ പ്രകാരം 4,12,685/- രൂപയാണ് വായ്പ ഇനത്തിൽ ലഭിച്ച തുകയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നത്.

5) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് -412010101

പ്രോജക്ട് നം 61/2022 തൈക്കാവ് മുക്ക് മനയമ്പള്ളി പദ്ധതിയുടെ ഭാഗമായി ബിൽ നം 53/27-03-2022 പ്രകാരം 92,821/- രൂപ പാർട്ട് ബില്ല് മാറിയിട്ടുണ്ട്. എന്നാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് -412010101 ശീർഷകത്തിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയില്ല.

6) 460500801 -MNREGS – മുൻകൂർ നൽകിയതിൽ 7,623/- രൂപയുടെ കുറവ്

MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും മുൻകൂർ നൽകിയ ചെലവുകളിൽ താഴെ ചേർക്കുന്ന വൗച്ചർ പ്രകാരമുള്ള തുക 460500801 എന്ന അക്കൗണ്ട് ശീർഷകത്തിലേക്ക് ജേണൽ ചെയ്തിലെ 7,623/- രൂപ വ്യത്യാസം വന്നു.

6) ഓഡിറ്റിന് ലഭ്യമാക്കിയ AFS പ്രകാരമുള്ള തുകയും ILGMS സോഫ്റ്റ്വെയർ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം

ഓഡിറ്റിന് ലഭ്യമാക്കിയAFS പ്രകാരം ക്യാഷ് നീക്കിയിരുപ്പ് 0 ആണ് എന്നാൽ ILGMS സോഫ്റ്റ് വെയർ പ്രകാരം 24,514/- രൂപ നീക്കിയിരിപ്പുള്ളതായി കാണിക്കുന്നു.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,60,91,631/-രൂപ |
| വരവ് | 7,85,15,333/-രൂപ |
| ആകെ | 11,46,06,964/-രൂപ |
| ചെലവ് | 8,80,51,049/-രൂപ |
| നീക്കിയിരിപ്പ് | 2,65,55,915/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 9,228/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 4,816/-രൂപ |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,33,039/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,37,31,217/- | 1,37,31,217/- | 1,37,27,000/- | 4,217/- | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 85,72,733/- | 85,72,733/- | 81,28,000/- | 4,44,733/- | |
| വികസന ഫണ്ട ടി എ.സ് പി | | 20,700/- | 20,700/- | 0 | 20,700/- | |
| മെയിന്റനൻസ്, റോഡ് | 0 | 61,18,145/- | 61,18,145/- | 59,21,970/- | 1,96,175/- | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 67,01,184/- | 67,01,184/- | 55,60,161/- | 11,41,023/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) TREASURY | 0 | 5,79,336/- | 5,79,336/- | 4,99,576/- | 79,760/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(TREASURY) | 0 | 35,65,128/- | 35,65,128/- | 29,98,853/- | 5,66,275/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) BANK | 0 | 38,34,000/- | 38,34,000/- | 19,54,501/- | 18,79,499/- | വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ പ്രതിപാദിച്ചിട്ടുണ്ട് |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) BANK | 0 | 26,16,302/- | 26,16,302/- | 20,78,595/- | 5,37,707/- | വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ പ്രതിപാദിച്ചിട്ടുണ്ട് |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവ് | 2,546 | 9,77,321/- | 9,79,867/- | 9,79,867/- | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അവിദഗ്ധ തൊഴിലാളികളുടെ കൂലി | | 4,72,23,763/- | 4,72,23,763/- | 4,72,23,763/- | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് വിദഗ്ധ തൊഴിലാളികളുടെ കൂലി | 0 | 11,16,600/- | 11,16,600/- | 11,16,600/- | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ | | 63,20,381/- | 63,20,381/- | 63,20,381/- | 0 | |
| ICDS ( ICDS 320100196) | 26,27,194/- | 3,82,188/- | 30,09,382/- | 20,85,453/- | 9,23,929/- | വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ പ്രതിപാദിച്ചിട്ടുണ്ട് |
| TSC 320100181 | 31,65,519/- | 0 | 31,65,519/- | 12,39,036/- | 19,26,483/- | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ലൈഫ് സംസ്ഥാന വിഹിതം + | 77,60,000/- | 29,00,000/- | 1,06,60,000/- | 40,90,000/- | 65,70,000/- | വ്യത്യാസം വാർഷിക കണക്കുകളുടെ |

| | | | | | | |
|---|---|---|---|---|---|---|
| എസ് സി അധിക വിഹിതം 320300199 + | | | | | | അപാകതയിൽ പ്രതിപാദിച്ചിട്ടുണ്ട് |
| സാക്ഷരത 320100197 | 7,141/- | 35/- | 7,176/- | | 7,176/- | |
| ശുചിത്വമിഷൻ 320100198 | 10,18,130/- | 4,32,000/- | 14,50,130/- | 4,68,000/- | 9,82,130/- | വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ പ്രതിപാദിച്ചിട്ടുണ്ട് |
| ജനകീയ പാർപ്പിട പദ്ധതി 320400199 | 61,600/- | 2,772/- | 64,372/- | 0 | 64,372/- | |
| വെസ്റ്റേൺ ഘട്ട് 320100186 | 7,06,365/- | 20,709/- | 7,27,074/- | 0 | 7,27,074/- | |
| പെൻഷൻ 320800199 | 21,922/- | 659/- | 22,581/- | 0 | 22,581/- | |
| ബഡ് സ്കൂൾ | 0 | 1,25,000/- | 1,25,000/- | 0 | 1,25,000/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 10,95,82,197/- | 128 | 7,15,87,426/- | 17 | 12 | 81.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,546/- | 9,77,321/- | 9,79,867/- | 9,79,867/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31,71,140/- | 31,71,140/- | 31,71,140/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിലില്ലായ്മ വേതനം | 86,880/- |
| കർഷകതൊഴിലാളി പെൻഷൻ | 49,72,800/- |
| വിധവാപെൻഷൻ | 1,63,65,600/- |
| വാർദ്ധക്യകാലപെൻഷൻ | 2,66,07,600/- |
| വികലാംഗപെൻഷൻ | 40,46,800/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2,18,400/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2023 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,661/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ILGMS സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി

കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/11/2022 | 07/2022 – 09/2022 | 30/11/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/05/2019 | 2012-13 – 2016-17 | 08/06/2019 |

## 1-11 ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് 18% ജി എസ് ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പേര്, മേൽവിലാസം | ലേല തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി (₹) |
|---|---|---|---|
| ചണ്ണപ്പേട്ട മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | ഷൈജു,<br>ഷൈജു മൻസിൽ കരുകോൺ | 72,000/- | 12,960/- |
| കരുകോൺ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | അയ്യൂബ്ഖാൻ,<br>പ്ലാവിള പുത്തൻവീട്, പുത്തയം | 30,000/- | 5,400/- |
| ആകെ | | | 18,360/- |

സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ജോയിൻ കമ്മീഷണറുടെ 20/02/2019 CT/ 1911/2019-A1 GSTC കത്ത് പ്രകാരം നൽകിയ വിശദീകരണത്തിൽ മാർക്കറ്റ് ഗേറ്റ് ഫീസ് ചരക്കുസേവനനികുതി നിയമം 2017 പ്രകാരം സേവനത്തിന്റെ പരിധിയിൽ വരുന്നതിനാൽ 18% ജി എസ് ടി ബാധകമാണെന്ന് അറിയിച്ചിരിക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 18% ജി എസ് ടി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 1/23.01.23

## 1-12 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്ത് 1-ാം വാർഡിലെ 288-ാം നമ്പർ വാണിജ്യാവശ്യകെട്ടിടത്തിന് (ശ്രീ. നടേശൻ, തട്ടേക്കാട് വീട്, അഞ്ചൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളത്) രസീത് നം. 1210105260/24.03.22 പ്രകാരം 6613/-രൂപ (6298 + LC) വസ്തു നികുതി ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ഫോം 6 പരിശോധിച്ചതിൽ ആകെ 210 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണ്ണമുള്ള റസ്റ്റോറൻറ്/ഷോപ്പുകൾ/ഗോഡൗൺ വിഭാഗത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 30 രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു. 210 ച.മീ. തറ വിസ്തീർണമുള്ള മേൽ കെട്ടിടത്തിന് 1993ൽ വാർഷിക വാടക മൂല്യം (ARV) പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളതും 2013ൽ Plinth Area അടിസ്ഥാനമാക്കി നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതുമാണ്. മേൽ പുനർനിർണ്ണയത്തിൽ, 210 എം സ്ക്വയറിൽ 180 എം സ്ക്വയർ ഘടനാപരമായ മാറ്റം വന്ന തറ വിസ്തീർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ ഉത്തരവ് 'എം.എസ് നമ്പർ 358/15 /തസ്വഭവ തീയതി 16.12.2015' പ്രകാരം ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ പുതിയ കെട്ടിടമായി പരിഗണിച്ച് കൂട്ടിചേർത്ത ഭാഗത്തിന് പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്. സ. ഉ. '(അ)നം 19 /2011 തസ്വഭവ തീയതി 14. 1. 2011' പ്രകാരവും സ. ഉ. '(അ)നം. 36 /2015 തസ്വഭവ തീയതി 24. 2 .2015' പ്രകാരവും വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ

നിശ്ചയിച്ചിട്ടുണ്ട്. 2013 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓരോ ഗ്രാമപ്പഞ്ചായത്തും സർക്കാർ നിശ്ചയിച്ച് നൽകിയ പരിധികള്ളിൽ ഉള്ള ഒരു നിരക്ക് നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ/റസ്റ്റോറന്റ്/ഷോപ്പുകൾ/ഗോഡൗൺ എന്ന ഗണത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നിരിക്കെ മേൽ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായി തെറ്റായി നിജപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | 210m$^2$ |
| മാറ്റം വന്ന തറ വിസ്തീർണം | 180m$^2$ |
| വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് | ₹30/m$^2$ |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് | ₹50/m$^2$ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | 180x50 = ₹ 9000/- |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് | ₹ 1,800/- |
| 180m$^2$-ന്റെ ആകെ വസ്തുനികുതി | ₹ 10,800/- |

210m$^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഘടനാപരമായ മാറ്റം വന്ന തറവിസ്തീർണ്ണമായ 180m$^2$ ന് 10,800/-രൂപയാണ് വസ്തുനികുതി (Without LC Calculation) കണക്കാക്കേണ്ടത്.
മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിനു ടി കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ₹50/m$^2$ ആയി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 210m$^2$ കെട്ടിടത്തിന്റെ 30m$^2$ ARV-ക്കനുസൃതമായും 180m$^2$ പുതിയ കെട്ടിടമായി പരിഗണിച്ചും നികുതി പുനർ നിർണ്ണയിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം . 8/25.01.2023

1-13 അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ചതിലെ അപാകത

ഗ്രാമപഞ്ചായത്തിലെ "ശ്രീ. മുരളീധരൻപിള്ള, ഏറനാട്ടു ചെരുവിള പുത്തൻവീട്, അഗസ്ത്യക്കോട്" എന്ന വ്യക്തിയുടെ പേരിലുള്ള അനധികൃത നിർമ്മാണം 15/02/2018ലെ സർക്കാർ ഉത്തരവ് GO(P) No.12/2018LSGD പ്രകാരം റെഗുലറൈസ് ചെയ്തിട്ടുണ്ട് . 654.56 എം സ്ക്വയർ (അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം) വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ കാർ പാർക്കിംഗ് ഏരിയായ 39.40 എം സ്ക്വയർ ഒഴിച്ചുള്ള 615.16 എം സ്ക്വയർ നിർമ്മാണമാണ് ക്രമവത്ക്കരിച്ചിട്ടുള്ളത്. 100എം സ്ക്വയറിനു മുകളിലുള്ള അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുമ്പോൾ ആയതിന്റെ Basic Compounding Fee കണക്കാക്കേണ്ടത് "Ten Times Of Permit Fee Prescribed In The Building Rule & 1/40th Of The Fair Value Of Land In Rupees Per Square Metre Of The Land Multiplied By The Total Floor Area Of The Unauthorized Construction" എന്ന് രേഖപ്പെടുത്തിയിരിക്കെ '1/50th Of The Fair Value Of Land' ആണ് Basic Compounding Fee കണക്കാക്കാൻ എടുത്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Total Unauthorized Area - 654.56m$^2$

Deducted Car Parking Area - 39.40m$^2$

Built Up Area - 615.16m$^2$

Fare Value Of Land - ₹3000/-

| Basic Compounding Fee Calculation For Building Above 100m2 | Basic Compounding Fee കണക്കാക്കിയത് | Basic Compounding Fee കണക്കാക്കേണ്ടിയിരുന്നത് |
|---|---|---|
| 10Times Of Permit Fee | 7*10*615.16 = 43061.20/- | 7*10*615.16 = 43061.20/- |
| 1/40th Of Fair Value Of Land *Total Area | 1/50*3000*615.16 = 36909.6/- | 1/40*3000*615.16 = 46137/- |

| | | |
|---|---|---|
| Total | 79970.80/- | 89198.2/- |
| Difference | 89198.2 - 79970.80 = 9228/- | |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ ഉത്തരവ് പ്രകാരം ക്രമവൽക്കരിച്ചതിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കി ജില്ലാ ടൗൺ പ്ലാനർ അംഗീകരിച്ചിട്ടുള്ളത് പ്രകാരം ഉള്ള കോമ്പൗണ്ടിങ് ഫീയാണ് ഈടാക്കിയിട്ടുള്ളതെന്നാണ്. നികുതി കണക്കാക്കിയിട്ടുള്ളതിൽ അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ച വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം കണക്കാക്കുന്ന ക്രമവത്ക്കരണ ഫീസിന്റെ 50% ഗ്രാമപഞ്ചായത്ത് ഫണ്ടിലും 50% 0515-00-92-compounding Fee എന്ന സർക്കാർ ഹെഡിലേയ്ക്ക് ട്രഷറിയിൽ ഒടുക്കുവരുത്തേണ്ടതുമാണ്. തുടർ നടപടി സ്വീകരിച്ച് 9228/- രൂപ ഈടാക്കി 4614/- രൂപ പഞ്ചായത്ത് ഫണ്ടിലും 4614/- രൂപ ബന്ധപ്പെട്ട ഹെഡിൽ ട്രഷറിയിലും ഒടുക്കുവരുത്തേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 16/28.01.2023

1-14 പ്ലാൻ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച തുക സർക്കാർ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

(I) പോജക്റ്റ് നമ്പർ - 21/22
മുട്ടക്കോഴി വിതരണം വനിത ( ജനറൽ)
ആകെ അടങ്കൽ – ₹9,99,600/-

₹4,99,800/- വികസന ഫണ്ട് (പൊതുവിഭാഗം)
₹4,99,800/- ഗുണ.വിഹിതം -(സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ബിൽ. നം - തീയതി - 3/14 10.21
യൂണിറ്റ് കോസ്റ്റ് - 600/- രൂപ. [120*5 = 600],

(300/- പ്ലാൻ ഫണ്ട് + 300/- ഗുണഭോക്തൃവിഹിതം)

ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾ - 1219
ആകെ ഗുണഭോക്തൃ വിഹിതമായി അടച്ചത് - 1219 X 300 = ₹3,65,700/-

(Ii) പോജക്റ്റ് നമ്പർ - 22/22
മുട്ടക്കോഴി വിതരണം വനിത (എസ്.സി.പി)
ആകെ അടങ്കൽ - ₹4,00,200/-

₹3,00,150/- വികസന ഫണ്ട് എസ്.സി.പി
₹1,00,050/- ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ബിൽ നം / തീയതി - 21 /14.10.21
യൂണിറ്റ് വില 600 രൂപ [120 X 5 = 600]

പ്ലാൻ ഫണ്ട് - 450/-
ഗുണഭോക്തൃ വിഹിതം - 150/-

ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾ – 230
ആകെ പിരിച്ച ഗുണഭോക്തൃ വിഹിതം - 230 X 150 = ₹34,500/-

മേൽ പ്രോജക്റ്റുകൾ പ്രകാരം കെപ്കോയിൽ നിന്ന് ആകെ 7245 എണ്ണം [17. 12-21 ൽ 1498 എണ്ണം, 22.2.22 ൽ 2120 എണ്ണം, 11.4.22 ൽ 1650 എണ്ണം, 27.8.22 ൽ 1977 എണ്ണം] കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. കൂടാതെ രണ്ട് പ്രോജക്റ്റുകൾക്കും കൂടി ആകെ 4,00,200/- രൂപ (3,65,700+34,500 ] ഗുണഭോക്തൃ വിഹിതമായി പിരിച്ച് പഞ്ചായത്തിൽ ഒടുക്കിയിട്ടുമുണ്ട്.

അംഗീകാരം ലഭിച്ച പദ്ധതികൾ പ്രകാരം ജനറൽ വിഭാഗത്തിന് 50% പ്ലാൻ ഫണ്ടും, എസ്.സി. വിഭാഗത്തിന് 75% പ്ലാൻ ഫണ്ടും ആണ് ചെലവഴിയ്ക്കേണ്ടത്. എന്നാൽ ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ സ.ഉ (കൈ. ) നം 22/18 തസ്വഭവ തീയതി 14.2.2018 ന് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്ന് തുക അധികമായി ചെലവഴിച്ചിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ജനറൽ ഫണ്ടിൽ നിന്ന് അധികമായി ചെലവാക്കിയ തുകയുടെ വിവരങ്ങൾ

| ചെലവഴിച്ചത് | ചെലവഴിക്കേണ്ടിയിരുന്നത് | അധികമായി ചെലവഴിച്ചത് |
|---|---|---|
| ₹4,99,800/-<br>ബിൽ നം. 3/14.10.21 | ₹3,65,700/-<br>(1219 (ആകെ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കൾ) X 5 X 120 X 50%) | ₹1,34,100/-<br>(4,99,800-3,65,700) |

എസ്.സി.പി ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചത്

| ചെലവഴിച്ചത് | ചെലവഴിക്കേണ്ടിയിരുന്നത് | അധികമായി ചെലവഴിച്ചത് |
|---|---|---|
| ₹3,00,150/-<br>ബിൽ നം. 2/14.10.21 | ₹1,03,500/- (230x5x120x75%) | 300150 – 196650 = ₹1,96,650/- |

കെപ്കോയ്ക്ക് ഒടുക്കിയ തുകയുടെ വിവരം

| കെപ്കോയ്ക്ക് ആകെ അടയ്ക്കാനുള്ള തുക | നാളിതിവരെ അടച്ച തുക | ഫണ്ടിനം |
|---|---|---|
| ₹8,69,400/-(7245*120) | ₹4,99,800/- | വികസന ഫണ്ട് ജനറൽ |
| | ₹3,00,150/- | വികസന എസ്.സി.പി |
| | ₹69,450/- | ഗുണഭോക്തൃവിഹിതം |

മേൽ പ്രോജക്ടുകൾക്കായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതും, നീക്കിയിരുപ്പ് ഉള്ളതുമായ ഗുണഭോക്തൃ വിഹിതത്തിന്റെ വിവരം താഴെ നൽകുന്നു.

| രസീത് നമ്പർ തീയതി | തുക (₹) | തുക പിൻവലിച്ചത്, ചെക്ക് നമ്പർ/തീയതി | തുക (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|
| 1210103469/17.12.21 | 39,600/- | 024606/23.11.22 | 69,450/- | |
| 1210103485/18.12.21 | 39,600/- | | | |
| 1210104299/4-2-22 | 25,200/- | | | |
| 1210104477/16.2.22 | 55,350/- | | | |
| 1210104669/26.2.22 | 56,250/- | | | |
| 1210104975/11.3.22 | 38,250/- | | | |
| 1210105363/31.3.22 | 37,200/- | | | |
| 1220100948/26.8.22 | 91,200/- | | | |
| 1220101039/6.9.22 | 17,550/- | | | |
| ആകെ | 4,00,200/- | | 69,450/- | 3,30,750/- |

മേൽ പ്രോജക്ടുകൾക്കായി സബ്സിഡി മാർഗരേഖയിൽ നിന്ന് വ്യതിചലിച്ച് വികസന ഫണ്ട് അധികമായി പിൻവലിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, മുട്ടക്കോഴി വളർത്തൽ പദ്ധതികൾക്കുള്ള കോഴികളെ സർക്കാർ നിയന്ത്രണത്തിലുള്ള കെപ്കോയിൽ നിന്ന് വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനാലും, മുഴുവൻ ഗുണഭോക്താക്കളും ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ പങ്കെടുക്കുമെന്ന വിശ്വാസത്തിലുമാണ് സർക്കാർ അംഗീകൃത സ്ഥാപനമായ കെപ്കോയിൽ മുൻകൂർ തുക ഒടുക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

പ്രതീക്ഷയ്ക്ക് വിപരീതമായി കോവിഡാനന്തരം മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ടായതായും കെപ്കോയ്ക്ക് അർഹതപ്പെട്ട തുക മാത്രമേ നൽകിയിട്ടുള്ളൂവെന്നും അധികമടച്ച വികസന ഫണ്ടിന് തുല്യമായ തുക ഗുണഭോക്തൃവിഹിതമിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ഉണ്ടെന്നും

നിർവഹണഉദ്യോഗസ്ഥൻ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് 14.9.22 തീയതിയിൽ പഞ്ചായത്തിൽ കത്ത് നൽകിയതായി നിലവിലെ വെറ്ററിനറി സർജനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 3,30,750/-രൂപ (ജനറൽ ഫണ്ട്-₹1,34,100+എസ്.സി.പി ഫണ്ട്-₹1,96,650) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതമിനത്തിൽ പഞ്ചായത്ത് ഫണ്ടിലുള്ള തുകയിൽ നിന്ന് സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 3/23.01.2023

തടസ്സപ്പെടുത്തുന്ന തുക – ₹ 3,30,750/-

## 1-15 മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ആകെ അടങ്കൽ (₹) | ആകെ ചെലവ് തുക (₹) | മരുന്ന് വാങ്ങുന്നതിനായി KMSCL-ന് നൽകിയ തുക (₹) | ബിൽ നം./ തീയതി | പെർഫോമ ഇൻവോയിസ് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|
| 17/22 പാലിയേറ്റീവ് കെയർ | ₹9,64,100/- (8,62,500/- വികസന ഫണ്ട് ജനറൽ 1,01,600/-തനത് ഫണ്ട്) | 9,99,700/- | 5,75,140/- | 1/27.5.21 | PF-178/ 11.5.21 | 1,17,832/- |
| 19/22 പി.എച്ച്.സി യിലേക്ക് മരുന്നുവാങ്ങൽ | 9,00,000/- (മെയി.ഫണ്ട് നോൺ റോഡ്) | 9,00,000/- | 9,00,000/- | 4/24.6.21 | 742/ 17.6.21 | 1,60,405/- |
| 170/22 പി.എച്ച്.സി യിലേക്ക് മരുന്നുവാങ്ങൽ | 500000/- (മെയി.ഫണ്ട് നോൺ റോഡ്) | 5,00,000/- | 5,00,000/- | 11/5.3.22 | 6478/ 03.3.22 | 30,224/- |
| | | | | | ആകെ | 3,08,461/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ഉടനേ ലഭ്യമാക്കും എന്ന് അറിയിപ്പ് ലഭിച്ചതായി മറുപടി ഹാജരാക്കി. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 3,08,461/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം : 6/23.1.23

തടസ്സപ്പെടുത്തുന്ന തുക : ₹3,08,461/-

## 1-16 ഹോംകോയിൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് | ബിൽ | തുക | പെർഫോമ | ലഭിക്കാൻ |
|---|---|---|---|---|---|---|

| നം./പേര് | | തുക (₹) | നം./തീയതി | നൽകിയത് (₹) | ഇൻവോയിസ് | അവശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|
| 6/22 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 1,50,000/- (മെയി. ഫണ്ട്- റോഡിതരം) | 1,50,000/- | 50/17.2.22 | 15,00,000/- | PF-1422/ 27.1.22 | 1,50,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മരുന്നുകൾ ഉടനേ ലഭ്യമാക്കും എന്ന് അറിയിപ്പ് ലഭിച്ചതായി മറുപടി ഹാജരാക്കി. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതു വരെ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം : 7/24.1.23

തടസ്സപ്പെടുത്തിയ തുക : ₹1,50,000/-

1-17 എം.സി.എഫിൽ ബെയിലിംഗ് മെഷീൻ പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ /പേര് | 139/22 എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ - ₹6,00,000/- | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് - ₹5,49,899/- | ബിൽ നം-60/30.3.22 |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 5,49,899/- രൂപ ചെലവഴിച്ച് 'കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് - തിരുവനന്തപുരം' എന്ന സ്ഥാപനത്തിൽ നിന്ന് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്നും വയറിംഗിന് പ്രോജക്ട് ഉൾപ്പെടുത്തി ടെൻഡർ നടപടികൾ നടത്തിവരുന്നു എന്നും മറുപടി ലഭ്യമാക്കി. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ടാക്സ് ഇൻ വോയിസ് നം-TVMBC-312/21-22 തീയതി 16-3-22 പ്രകാരം 3/22 ൽ ലഭ്യമാക്കിയ ബെയിലിംഗ് മെഷീൻ എം.സി.എഫ് ഇലക്ട്രിഫിക്കേഷൻ പൂർത്തിയാകാത്തതിനാൽ ഇതുവരെ ഉപയോഗപ്രദമാക്കുന്നതിന് സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ബെയിലിംഗ് മെഷീന്റെ ഭാഗമായുള്ള 2 യൂണിറ്റുകൾ ഇൻസ്റ്റാൾ ചെയ്യാതെ ചണ്ണപ്പേട്ട എം.സി.എഫ്. സെന്ററിൽ സൂക്ഷിച്ചിരിക്കുന്നതായും കാണാൻ കഴിഞ്ഞു.




ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ബെയിലിംഗ് മെഷീൻ ഉപയോഗപ്രദമാക്കാത്തത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണ പിഴവും, കെടുകാര്യസ്ഥതയും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യമൊരുക്കാതെ മെഷീൻ വാങ്ങിയതിനാൽ വാറന്റി കാലയളവ് നഷ്ടപ്പെടുകയും, പ്രവർത്തനത്തകരാറുകൾക്ക് വാറന്റി സംരക്ഷണം ലഭിക്കാതെ വരുകയും

ചെയ്യുന്നതിനാൽ ഈയിനത്തിലെ 5,49,899/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മെഷീൻ പ്രവർത്തനസജ്ജമാക്കി രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.-7/24.1.23

തടസ്സപ്പെടുത്തുന്ന തുക – ₹5,49,899/-

1-18 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 1,93,929/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (18/22) |
| അടങ്കൽ തുക | ₹17,50,000/-<br>(₹4,37,500/-വികസന ഫണ്ട് ജനറൽ,<br>₹4,37,500/- സംസ്ഥാനാവിഷ്കൃത ഫണ്ട്,<br>₹8,75,000/- ഗുണഭോക്തൃവിഹിതം ) |
| ചെലവ് തുക | ₹4,37,500/-(വികസന ഫണ്ട് ജനറൽ) ബിൽ നം-5,തീയതി-19.2.22 |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 6,250/- രൂപ നിരക്കിൽ 4,37,500/-രൂപ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ പേർക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുള്ളതിൽ 2,43,571/-രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും 1,93,929/- രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നു എന്നുമാണ് പറഞ്ഞിട്ടുള്ളത്. സബ്സിഡി തുക പൂർണ്ണമായും വിനിയോഗിക്കുന്നതുവരെ 1,93,929/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 1,93,929/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 4/23.2.22

1-19 ഡി.എ.കുടിശ്ശിക വിതരണം - എൻ. പി. എസ്. പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല

11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ക്ഷാമബത്ത കുടിശ്ശിക സർക്കാർ ഉത്തരവ് (പി) നമ്പർ 25/2021/ധന. തീയതി 08/03/ 21 പ്രകാരം (01.01.2019 മുതൽ 28.02.2021 വരെയുള്ള കാലയളവിലേത്) 2021 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം പി.എഫിൽ ഒടുക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് (വൗച്ചർ നം : 22100084 തീയതി 19.05.21, ചെക്ക് നം : 6836912/07.05.212) പ്രകാരം ആയത് അനുവദിച്ച് നൽകിയിട്ടുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ഡി.എ കുടിശ്ശിക തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ. കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ ഡി.എ. കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കുറവു ചെയ്തിട്ടുണ്ടെങ്കിലും മേൽ തുകയും അതിന്റെ പഞ്ചായത്ത് വിഹിതവും ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച ഡി.എ. കുടിശ്ശിക (₹) | പെൻഷൻ വിഹിതം (₹) | പഞ്ചായത്ത് വിഹിതം (₹) |
|---|---|---|---|---|---|
| 1 | ശ്രീമതി പ്രശാന്തി വി റ്റി | ക്ലാർക്ക് | 55,356/- | 5,680/- | 5,680/- |
| 2 | ശ്രീമതി പ്രീത എം ജെ | ക്ലാർക്ക് | 51,928/- | 5,434/- | 5,434/- |
| 3 | ശ്രീമതി പ്രശാന്തി റ്റി എൽ | ക്ലാർക്ക് | 51,109/- | 5,417/- | 5,417/- |
| 4 | ശ്രീമതി. ദീപ ജെ | ക്ലാർക്ക് | 49,542/- | 5,158/- | 5,158/- |
| ആകെ | | | | 21,689/- | 21,689/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റന്വേഷണത്തിനു NPS വിഹിതം ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവു ചെയ്ത 10% പെൻഷൻ വിഹിതവും അതിന്റെ പഞ്ചായത്ത് വിഹിതവും ജീവനക്കാരുടെ പെൻഷൻ

ഫണ്ടിലേക്ക് ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 2/23.01.23

1-20 MGNREGS 2021-22 വർഷം GST-TDS ഇനത്തിൽ കുറവ് ചെയതതും FTO ചെയ്തതുമായ 36,763/-രൂപ അക്കൗണ്ടിൽ വന്നിട്ടില്ല.

2021-22 പ്രവൃത്തി പൂർത്തിയാക്കി മെറ്റീരിയൽ ബില്ലുകൾ അംഗീകരിച്ചിട്ടുള്ളതും, Vendor പേയ്മെന്റ് പൂർത്തിയാക്കിയിട്ടുള്ളതുമായ പ്രവൃത്തികളിൽ 36763/- രൂപ GST-TDS ഇനത്തിൽ കുറവ് ചെയതത് അക്കൗണ്ടിൽ വന്നിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Name Of Works | Work Code | Material Bill Date | GST Amt (₹) |
|---|---|---|---|---|
| 1 | 13. കരുകോൺ ലബ്ബ വിലാസം റോഡ് കോൺക്രീറ്റ് | 1613001001/RC /346123 | 15/02/2022 | 7,800/- |
| 2 | 13. കരുകോൺ തോട്ട്കടവ്റോഡ് കോൺക്രീറ്റ് | 1613001001/RC /346122 | 15/02/2022 | 7,458/- |
| 3 | 10 പള്ളിപ്പുറം ടാറിംഗ് റോഡിൽനിന്ന് പാതേപ്പള്ളി റോഡ് കോൺക്രീറ്റ് | 1613001001/RC /341344 | 30/03/2022 | 6,610/- |
| 4 | 02 പുളിഞ്ചിമുക്ക് പണയിൽ റോഡ് കോൺക്രീറ്റിംഗ് | 1613001001/RC /348606 | 11/03/2022 | 7,029/- |
| 5 | 07 ആനക്കുളം മണ്ണാംകോണത്ത് റോഡ് കോൺക്രീറ്റിംഗ് | 1613001001/RC /348608 | 30/03/2022 | 7,866/- |
| | | | | 36,763/- |

GST-TDS ആയി കുറവു ചെയ്തു ചെയ്ത 36,763/- രൂപ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നാളിതുവരെ ക്രെഡിറ്റ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28-01-2023) ലഭ്യമാക്കിയ മറുപടിയിൽ MIS ൽ വന്ന അപ്ഡേഷൻ മൂലം FTO ഡിലീറ്റ് ആയതാണെന്നും ആയത് പരിഹരിക്കുന്നതിനായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അറിയിപ്പ് നൽകിയതായും വിശദീകരിച്ചു. അപാകത പരിഹരിക്കുന്ന മുറയക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 പ്രവൃത്തിമൂല്യത്തെ മനുഷ്യദിനങ്ങളായി പരിവർത്തനം നടത്തിയതിൽ അപാകത – അളവിലില്ലാത്ത പ്രവൃത്തിക്ക് 4,816/- രൂപ അനുവദിച്ചത് നിരാകരിക്കുന്നു

അളവ് പുസ്തകം 262/2021-22 പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തി മൂല്യത്തിലധികം തുക പ്രസ്തുത പ്രവൃത്തിക്ക് മനുഷ്യ ദിനങ്ങൾ കണക്കാക്കുന്നതിനായി പരിഗണിച്ചത് മൂലം 4,816/- രൂപയുടെ മനുഷ്യദിനങ്ങൾ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് - ആനക്കുളം ഭാഗത്തെ ചെറുകിട നാമമാത്ര കയ്യാല നിർമ്മാണം ഘട്ടം -6

വർക്ക് കോഡ് - LD 396371

Ts.No- 1613001001/2020-2021/30364 /TS Dt 04-02-2021

TS Amount – ₹1,63,118/-

പ്രവൃത്തി കാലയളവ്- 12/03/2021 – 06/09/2021

MB.No 262/2021-22

| ഐറ്റം | അളവ് പുസ്തകം പേജ് നം | നിരക്ക് (₹) | അളവ് | തുക (₹) |
|---|---|---|---|---|
| മൺകയ്യാല-സർഫസ് ഡ്രെസിംഗ് 2.31 | 4 | 610/- | 4.889 | 2982.29 |

| | | | | |
|---|---|---|---|---|
| മൺകയ്യാല-എർത്ത് വർക്ക് എസ്കവേഷൻ 80.2 | 4 | 242.112 | 91.5 | 22153.25 |
| മൺകയ്യാല-സ്റ്റോൺ ബൺഡ് 80.2 | | 1062.15 | 122 | 12958.3 |
| പ്രവൃത്തി മൂല്യം | | | | 1,54,717/- |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം - ₹1,54,717/-

പ്രവൃത്തി മൂല്യത്തിനനുസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദിനം - 154717 /291 =531

അളവ് പുസ്തകം പേജ് നം , പ്രകാരം അനുവദിച്ച മനുഷ്യ ദിനം =531

മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, MIS REPORT എന്നിവ പ്രകാരം അനുവദിച്ച് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

1613001001/LD/396371 07 ആനക്കുളം പ്രദേശത്തെ ചെറുകിട നാമമാത്ര പ്രവൃത്തികൾ - കയ്യാല നിർമ്മാണം (മീൻകുളം)

| S.No. | Muster Roll No | Date | Man Days | വേതനം (₹) | പണിയായുധം (₹) | Amount (₹) | Wagelist Number | Date |
|---|---|---|---|---|---|---|---|---|
| 1 | 67865-67867 | 12/03/201 -18/03/2021 | 81 | 23571/- | 810/- | 24,381/- | 1613001001 WL097316 | 21/03/2021 |
| 2 | 69439-69440 | 19/03/2021 -25/03/2021 | 51 | 14841/- | 510/- | 15,351/- | 1613001001 WL100876 | 29/03/2021 |
| 3 | 70793 | 26/03/2021 -29/03/2021 | 29 | 8439/- | 290/- | 8,729/- | 1613001001 WL102990 | 31/03/2021 |
| 4 | 326 | 13/04/2021 -19/04/2021 | 4 | 1164/- | 40/- | 1,204/- | 1613001001 WL001153 | 24/04/2021 |
| 5 | 901 | 20/04/2021 -26/04/2021 | 9 | 2619/- | 90/- | 2,709/- | 1613001001 WL002021 | 30/04/2021 |
| 6 | 1408 | 27/04/2021-03/05/2021 | 4 | 1164/- | 40/- | 1,204/- | 1613001001 WL002675 | 06/05/2021 |
| 7 | 2382-2383 | 18/06/2021-24/06/2021 | 80 | 23280/- | 800/- | 24,080/- | 1613001001 WL006195 | 28/06/2021 |
| 8 | 2485-2486,2622 | 25/06/2021-01/07/2021 | 30 | 8730/- | 300/- | 9,030/- | 1613001001 WL007400 | 05/07/2021 |
| 9 | 7351-7353 | 30/07/2021 -05/08/2021 | 105 | 30555/- | 1050/- | 31,605/- | 1613001001 WL017183 | 09/08/2021 |
| 10 | 9554-9556,9758 | 06/08/2021-12/08/2021 | 115 | 33465/- | 1150/- | 34,615/- | 1613001001 WL021101 | 17/08/2021 |
| 11 | 12614-12616 | 31/08/2021-06/09/2021 | 39 | 11349/- | 390/- | 11,739/- | 1613001001 WL074894 | 08/09/2021 |
| | | | 547 | 159177/- | 5470/- | 1,64,647 /- | | |
| | Display Board | | | | | 3,000/- | | |
| | | | | | | 1,67,647 /- | | |

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 16

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം = 4,656

അധികമായി അനുവദിച്ചതുക 4656+ 160= ₹4,816/-

4,816/- രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/27-01-2023 ന് ലഭ്യമാക്കിയ മറുപടിയിൽ മസ്റ്റർ റോൾ MIS ചെയ്തതിന് ശേഷമാണ് അളവ് രേഖപ്പെടുത്തിയതെന്നും അളവിന് അധികമായി മസ്റ്റർ റോൾ MIS ചെയ്തത് വീഴ്ചയാണെന്ന് അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികളുടെ മസ്റ്റർ റോൾ MIS ചെയ്യുന്നതിനായി Valuation Certificate തയ്യാറാക്കിയ MGNREGS ഓവർസീയർ ശ്രീ. അനൂപ്, Valuation Certificate അംഗീകരിച്ച് നൽകിയ MGNREGS Accredited Engineer ആയിരുന്ന ശ്രീമതി സീന എസ് എന്നിവരുടെ ബാദ്ധ്യതയായി ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി വിതരണം ചെയ്ത 4,816/- രൂപ മേൽ ജീവനക്കാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തിമൂല്യത്തെ മനുഷ്യദിനങ്ങളായി പരിവർത്തനം നടത്തിയതിൽ അപാകത – അളവിലില്ലാത്ത പ്രവൃത്തിക്ക് 4,816/- രൂപ അനുവദിച്ചത് നിരാകരിക്കുന്നു

അളവ് പുസ്തകം 262/2021-22 പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തി മൂല്യത്തിലധികം തുക പ്രസ്തുത പ്രവൃത്തിക്ക് മനുഷ്യ ദിനങ്ങൾ കണക്കാക്കുന്നതിനായി പരിഗണിച്ചത് മൂലം 4,816/- രൂപയുടെ മനുഷ്യദിനങ്ങൾ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് - ആനക്കുളം ഭാഗത്തെ ചെറുകിട നാമമാത്ര കയ്യാല നിർമ്മാണം ഘട്ടം -6

വർക്ക് കോഡ് - LD 396371

Ts.No- 1613001001/2020-2021/30364 /TS Dt 04-02-2021

TS Amount – ₹1,63,118/-

പ്രവൃത്തി കാലയളവ്- 12/03/2021 – 06/09/2021

MB.No 262/2021-22

| ഐറ്റം | അളവ് പുസ്തകം പേജ് നം | നിരക്ക് (₹) | അളവ് | തുക (₹) |
|---|---|---|---|---|
| മൺകയ്യാല-സർഫസ് ഡ്രെസിംഗ് 2.31 | 4 | 610/- | 4.889 | 2982.29 |
| മൺകയ്യാല-എർത്ത് വർക്ക് എസ്കവേഷൻ 80.2 | 4 | 242.112 | 91.5 | 22153.25 |
| മൺകയ്യാല-സ്റ്റോൺ ബണ്ട് 80.2 | | 1062.15 | 122 | 12958.3 |
| പ്രവൃത്തി മൂല്യം | | | | 1,54,717/- |

മനുഷ്യ ദിനങ്ങൾക്ക് പരിഗണിക്കാവുന്ന പ്രവൃത്തി മൂല്യം - ₹1,54,717/-

പ്രവൃത്തി മൂല്യത്തിനനുസൃതമായി അനുവദിക്കാവുന്ന മനുഷ്യ ദിനം - 154717 /291 =531

അളവ് പുസ്തകം പേജ് നം , പ്രകാരം അനുവദിച്ച മനുഷ്യ ദിനം =531

മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, MIS REPORT എന്നിവ പ്രകാരം അനുവദിച്ച് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

1613001001/LD/396371 07 ആനക്കുളം പ്രദേശത്തെ ചെറുകിട നാമമാത്ര പ്രവൃത്തികൾ - കയ്യാല

നിർമ്മാണം (മീൻകുളം)

| S.No. | Muster Roll No | Date | Man Days | വേതനം (₹) | പണിയായുധം (₹) | Amount (₹) | Wagelist Number | Date |
|---|---|---|---|---|---|---|---|---|
| 1 | 67865-67867 | 12/03/201 -18/03/2021 | 81 | 23571/- | 810/- | 24,381/- | 1613001001 WL097316 | 21/03/2021 |
| 2 | 69439-69440 | 19/03/2021 -25/03/2021 | 51 | 14841/- | 510/- | 15,351/- | 1613001001 WL100876 | 29/03/2021 |
| 3 | 70793 | 26/03/2021 -29/03/2021 | 29 | 8439/- | 290/- | 8,729/- | 1613001001 WL102990 | 31/03/2021 |
| 4 | 326 | 13/04/2021 -19/04/2021 | 4 | 1164/- | 40/- | 1,204/- | 1613001001 WL001153 | 24/04/2021 |
| 5 | 901 | 20/04/2021 -26/04/2021 | 9 | 2619/- | 90/- | 2,709/- | 1613001001 WL002021 | 30/04/2021 |
| 6 | 1408 | 27/04/2021-03/05/2021 | 4 | 1164/- | 40/- | 1,204/- | 1613001001 WL002675 | 06/05/2021 |
| 7 | 2382-2383 | 18/06/2021-24/06/2021 | 80 | 23280/- | 800/- | 24,080/- | 1613001001 WL006195 | 28/06/2021 |
| 8 | 2485-2486,2622 | 25/06/2021-01/07/2021 | 30 | 8730/- | 300/- | 9,030/- | 1613001001 WL007400 | 05/07/2021 |
| 9 | 7351-7353 | 30/07/2021 -05/08/2021 | 105 | 30555/- | 1050/- | 31,605/- | 1613001001 WL017183 | 09/08/2021 |
| 10 | 9554-9556,9758 | 06/08/2021-12/08/2021 | 115 | 33465/- | 1150/- | 34,615/- | 1613001001 WL021101 | 17/08/2021 |
| 11 | 12614-12616 | 31/08/2021-06/09/2021 | 39 | 11349/- | 390/- | 11,739/- | 1613001001 WL074894 | 08/09/2021 |
| | | | 547 | 159177/- | 5470/- | 1,64,647 /- | | |
| | Display Board | | | | | 3,000/- | | |
| | | | | | | 1,67,647 /- | | |

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനം = 16

അളവിലില്ലാതെ അനുവദിച്ച മനുഷ്യ ദിനത്തിന്റെ മൂല്യം = 4,656

അധികമായി അനുവദിച്ചതുക 4656+ 160= ₹4,816/-

4,816/- രൂപയുടെ മനുഷ്യദിനങ്ങൾക്ക് ആധാരമായ അളവ് എം ബുക്കിലില്ലാതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/27-01-2023 ന് ലഭ്യമാക്കിയ മറുപടിയിൽ മസ്റ്റർ റോൾ MIS ചെയ്തതിന് ശേഷമാണ് അളവ് രേഖപ്പെടുത്തിയതെന്നും അളവിന് അധികമായി മസ്റ്റർ റോൾ MIS ചെയ്തത് വീഴ്ചയാണെന്ന് അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികളുടെ മസ്റ്റർ റോൾ MIS ചെയ്യുന്നതിനായി Valuation Certificate തയ്യാറാക്കിയ MGNREGS ഓവർസീയർ ശ്രീ. അനൂപ്, Valuation Certificate അംഗീകരിച്ച് നൽകിയ MGNREGS Accredited Engineer ആയിരുന്ന ശ്രീമതി സീന എസ് എന്നിവരുടെ ബാദ്ധ്യതയായി ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി വിതരണം ചെയ്ത 4,816/- രൂപ മേൽ ജീവനക്കാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 24.01.2023 & 25.01.2023 | കെ.എസ്.എ.കെ.എൽ.എം.പി1/178/23 തീയതി – 31.03.2023 |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000/- | അനുപൂരക പോഷകാഹാരം 29/22 | 1,00,000/- | 0 |
| | 2021-22 | 10,80,000/- | ലൈഫ് പദ്ധതി ജനറൽ 33/22 | 10,80,000/- | 0 |
| | 2021-22 | 4,00,000/- | ലൈഫ് പദ്ധതി (എസ് സി പി) 37/22 | 4,00,000/- | 0 |
| | 2021-22 | 2,50,000/- | ലൈഫ് പദ്ധതി(എസ് സി പി അഡി. ലിസിറ്റ്) 150/22 | 2,50,000/- | 0 |
| | 2021-22 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്ക് സ്കോളർഷിപ്പ് 31/22 | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,91,203/- | പാലിന് സബ്സിഡി 16/22 | 3,91,203/- | 0 |
| | 2021-22 | 11,00,000/- | ലൈഫ് പദ്ധതി ജനറൽ 33/22 | 11,00,000/- | 0 |
| | 2021-22 | 3,60,000/- | ലൈഫ് പദ്ധതി (എസ് സി പി) 37/22 | 3,60,000/- | 0 |
| | 2021-22 | 4,30,000/- | ലൈഫ് പദ്ധതി(എസ് സി പി അഡി. ലിസിറ്റ്) 150/22 | 4,30,000/- | 0 |
| | 2021-22 | 2,54,900/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്ക് സ്കോളർഷിപ്പ് 31/22 | 2,54,900/- | 0 |
| | 2021-22 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്ക് സ്കോളർഷിപ്പ് 127/22 | 2,00,000/- | 0 |
| | 2021-22 | 1,00,000/- | അനുപൂരക പോഷകാഹാരം 29/22 | 1,00,000/- | 0 |
| | 2021-22 | 1,00,000/- | അനുപൂരക പോഷകാഹാരം 32/22 | 1,00,000/- | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 15253680/-രൂപയിൽ 14840000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ( 413680/-രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നു.)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി ലോൺ | 11.9.2018 ലെ 1(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 0/- | ₹4,05,33,347/- | ₹50,30,667/- | | ₹3,55,02,680/- |

അപാകത ഖണ്ഡിക 1-2-1ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംലഭിച്ച 1,00,381 /- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2019-20 | 3-2 | 5,900/- | A E, LS GD | 1210100246/27.05.21 |
| 2016-17 | 3-11 | 2,461/- | A E, LS GD | 1210100387/29.06.21 |
| 2001-02 | 2-2 | 18,640/- | ശ്രീ സത്യനേശൻ | 1210101615/29.10.21 |
| 2001-02 | 3-3(2) | 5,000/- | ശ്രീ സത്യനേശൻ | 1210101616/29.10.21 |
| 2001-02 | 3-6 (1.1, 1.2, 1.3, 1-3, 1-5, 1-6) | 1,458/- | ശ്രീ സത്യനേശൻ | 1210101617/29.10.21 |
| 1996-97 | Audit Objection Para-30 | 850/- | ശ്രീ സത്യനേശൻ/ ശ്രീമതി ചെല്ലമ്മ | 1210102924/01.12.21 |
| 1996-97 | Audit Objection Para-31(1) | 2,271/- | ശ്രീ സത്യനേശൻ/ ശ്രീമതി ചെല്ലമ്മ | 1210102925/01.12.21 |
| 1996-97 | Audit Objection Para-32 | 7,002/- | ശ്രീ സത്യനേശൻ/ ശ്രീമതി ചെല്ലമ്മ | 1210102926/01.12.21 |
| 1996-97 | Audit Objection Para-29 | 2,172/- | ശ്രീ സത്യനേശൻ/ ശ്രീമതി ചെല്ലമ്മ | 1210102927/01.12.21 |
| 2003-04 | 3-2 | 3,519/- | Kochin Refinaries | 1210102928/01.12.21 |
| 2001-02 | 2-1(3) | 120/- | Benificiary Contribution | 1210102929/01.12.21 |
| 2011-12 & 2012-13 | 3-1 | 1,500/- | ശ്രീ സുന്ദരേശൻ പിള്ള | 1210103468/17.12.2021 |
| 2013-14 2014-15 | 2-4(1) | 1,800/- | സെക്രട്ടറി | 1210103492/20.12.21 |

| | | | | |
|---|---|---|---|---|
| 1998-99 | Para 26 | 370/- | ശ്രീമതി താമരാക്ഷി | 121010360/11.01.2022 |
| 2019-20 | - | 3,875/- | മാനേജർ | 121010360/11.01.2022 |
| 2007-08 | 3-16 | 16,529/- | ശ്രീമതി ബിജിമോൾ | 1210104010/18.01.2022 |
| 2001-02 | 3.6(4) | 136/- | ശ്രീ ബഷീർ | 1210104046/18.01.2022 |
| 2001-02 | 3.6(7) | 143/- | ശ്രീമതി ശാന്ത | 1210104047/18.01.2022 |
| 2019-20 | 1-24 | 924/- | A E | 12101043വ/04.02.2022 |
| 2004-05 | 3-13 | 880/- | ശ്രീ ബദറുദ്ദീൻ | 1210104040/18.01.2022 |
| 2004-05 | 3-14(1) | 17,182/- | ശ്രീ ബദറുദ്ദീൻ | 1210104041/18.01.2022 |
| 2004-05 | 3-14(2) | 753/- | ശ്രീ ബദറുദ്ദീൻ | 1210104042/18.01.2022 |
| 2004-05 | 3-16 | 1,470/- | ശ്രീ ബദറുദ്ദീൻ | 1210104043/18.01.2022 |
| 2004-05 | 3-17 | 426/- | ശ്രീ ബദറുദ്ദീൻ | 1210104044/18.01.2022 |
| 2007-08 | 2-3 | 2,500/- | മാനേജർ | 1210104045/18.01.2022 |
| 2009-10 & 2010-11 | 3-8 | 2,500/- | ശ്രീ ബഷീർ | 1210100605/28.07.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | 3-5-5 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചു നല്കി. | മറുപടി സമർപ്പിച്ചു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 4,816/- | 2,408/- | ശ്രീമതി. സീന, എ ഇ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) |
| | | | 2,408/- | ശ്രീ.അനൂപ്, ഓവർസിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,30,750/- | ഡോ. ജോയി ഫ്രാൻസിസ്, സീനിയർ വെറ്ററിനറി സർജൻ |
| 1-15 | 3,08,461/- | ഡോ. അനൂപ് നരേന്ദ്രൻ നായർ, മെഡിക്കൽ ഓഫീസർ PHC |
| 1-16 | 1,50,000/- | ഡോ.ദീപ എൽ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-17 | 5,49,899/- | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-18 | 1,93,929/- | ഡോ.ജോയി ഫ്രാൻസിസ്, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| ഖണ്ഡിക നമ്പർ 1-11 | തുക – 18,360/-രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി | | നെല്ലിക്കുന്നത്ത് വീട്, തൃക്കോവിൽവട്ടം, മുഖത്തല |
| ഡോ. അനൂപ് നരേന്ദ്രൻ നായർ | മെഡിക്കൽ ഓഫീസർ, കരുകോൺ PHC | വിജയലക്ഷ്മി വിലാസം , ചങ്ങനാശ്ശേരി |
| ശ്രീമതി. സീന, എ ഇ (MNREGS) | | അനന്ത ഭവനം, മീൻകുളം, അലയമൺ |
| ശ്രീ. അനൂപ്, ഓവർസിയർ (MNREGS) | | അനുമന്ദിരം, ഏരൂർ |
| ഡോ.ദീപ എൽ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, കരുകോൺ | |
| ഡോ.ജോയി ഫ്രാൻസിസ്, വെറ്ററിനറി സർജൻ | ഡെപ്യൂട്ടി ഡയറക്ടർ എ എച്ച് സമതി ആനയറ | ആനന്ദ ഭവനം, മീൻകുളം, ചണ്ണപ്പേട്ട |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/02-03-2018 | 4 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/02-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/02-03-2018 | 4 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/02-03-2018 | 14 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/02-03-2018 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/02-03-2018 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(10)/02-03-2018 | 9 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/447(11)/02-03-2018 | 9 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ക്യൂ/പി1/796(2)/19/10.06.19 | 4 |
| 2007-08 | എൽ.എഫ്.ക്യൂ/പി1/796(1)/19/10.06.19 | 10 |
| 2008-09 | എൽ.എഫ്.ക്യൂ/പി1/796(3)/19/10.06.19 | 10 |
| 2009-10 & 2010-11 | കെ.എസ്.എ/കെ.എൽ.എം-പി-1/994/21(2)/ 03.10.2022 | 8 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത്2011-12, തീയതി 23.08.2022 | 7 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത് 2013-14 & 2014-15, തീയതി 23.08.2022 | 15 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/994/2022 അദാലത്ത് 2015-16, തീയതി 23.08.2022 | 5 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-1/890/2018/9.7.2018 | 19 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-1/56/2019/9.12.19 | 10 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-1/732/2020/02.08.2022 | 9 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-1/930/2022/10.0.2022 | 9 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം-പി-1/1217/2022/25.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.